"ഭരണഭാഷ- മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ:സുഭാഷ് ടി വി ഐ.എ.എസ്)

---

നമ്പർ. ഇ1/125/2023/ഐ&പി.ആർ.ഡി. തിരുവനന്തപുരം (29-10-2023)

---

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ്- "കേരളീയം 2023" മായി ബന്ധപ്പെട്ട ഐ.ഇ.സി/പി.ആർ ക്യാമ്പയിനായി വിവിധക്രിയേറ്റീവുകൾ നിർമ്മിക്കുന്നതിന് ISAG (ഐഡിയൽ സ്ട്രാറ്റജിക് അനലിറ്റിക്കൽ ഗ്രൂപ്പ്) ഏജൻസിക്ക് അനുമതി നൽകി ഉത്തരവാകുന്നു

സൂചന: - 1. 08.06.2023 -ലെ സ.ഉ(സാധാ) നം. 48/2023/ഐ& പിആർഡി

2. 13.10.2023 ലെ സ.ഉ.(കൈ) നം.153/2023/ധന

3. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) യുടെ കുറിപ്പും ഏജൻസികൾ സമർപ്പിച്ച താത്പര്യ പത്രങ്ങളും

ഉത്തരവ്

നടപ്പ സാമ്പത്തിക വർഷത്തെ "2220-60-800-78-സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സർവ്വറിന്റെ മെയിന്റനൻസും" എന്ന ശീർഷകത്തിൽ നിന്നും സൂചന (1) പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ വിവിധ സോഷ്യൽ മീഡിയ ക്യാമ്പയിനുകൾക്കായി 50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട് .

2."കേരളീയം 2023" ന്റെ ഭാഗമായി സാമ്പത്തിക അനുമതി നൽകിയും വിവിധ കമ്മിറ്റികളുടെ ബജറ്റ് അംഗീകരിച്ചും ധനവിനിയോഗ മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയും സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

3. "കേരളീയം 2023"മായി ബന്ധപ്പെട്ട ഐ.ഇ.സി./പി.ആർ. ക്യാമ്പയിനായി വിവര പൊതുജന സമ്പർക്ക വകുപ്പ് താത്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച ഓൺലൈൻ പ്രസന്റേഷൻ മീറ്റിംഗ് 27.09.2023 നു നടത്തിയതായും തുടർ നടപടികൾക്കും അനുമതിക്കുമായി താത്പര്യപത്രം സഹിതം മീഡിയ കമ്മിറ്റിക്കു മുൻപാകെ സമർപ്പിക്കാവുന്നതാണെന്നും സൂചന (3) പ്രകാരം ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) അറിയിച്ചിട്ടുണ്ട് .

4.

ഇക്കാര്യം വിശദമായിപരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ "കേരളീയം 2023" ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഐ.ഇ.സി./പി.ആർ. ക്യാമ്പയിന്റെ ഭാഗമായി ക്രിയേറ്റീവ് സ്ട്രാറ്റജീസ്, സോഷ്യൽ മീഡിയ കണ്ടന്റ് ആന്റ് സ്ട്രാറ്റജി, സോഷ്യൽ മീഡിയ ബൂസ്റ്റിംഗ്, മ്യൂസിക് വീഡിയോ, ഷോർട്ട് വീഡിയോകൾ, തീമാറ്റിക് പോസ്റ്ററുകൾ, ഇൻഫ്ലുവൻസർ

5927730/2023

മാർക്കറ്റിംഗ്, സോഷ്യൽ മീഡിയയിൽ ഡാറ്റാ ഡ്രിവൺ മാർക്കറ്റിംഗ് എന്നിവ ജി.എസ്.ടി. ഉൾപ്പെടെ പരമാവധി 10,00,000/- രൂപയ്ക്കുള്ളിൽ (പത്ത് ലക്ഷം രൂപ മാത്രം) നിന്നുകൊണ്ട് തയാറാക്കുന്നതിന് ISAG (ഐഡിയൽ സ്റ്റാറ്റജിക് അനലിറ്റിക്കൽ ഗ്രൂപ്പ്) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ബില്ലുകൾ/ഇൻവോയ്സുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ കം കോസ്റ്റ് കമ്മിറ്റിയുടെ വിലയിരുത്തലിന് വിധേയമായി അന്തിമ തുക "2220-60-800-78-സർക്കാർ വെബ്സൈറ്റിന്റെ രൂപീകരണവും തപാൽ സർവ്വറിന്റെ മെയിന്റനൻസും" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

സി.ഇ.ഒ. ISAG (ഐഡിയൽ സ്റ്റാറ്റജിക് അനലിറ്റിക്കൽ ഗ്രൂപ്പ്) പൊൻകാതിൽ ബിൽഡിംഗ്, പില്ലർ നമ്പർ -807 ന് എതിർ വശം, കടവന്ത്ര, കൊച്ചി-682 020.
അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി)/ജി&എ)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)/പ്ലാനിംഗ്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.